പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1182 — 12/03/2015-ൽ മറുപടിയ്ക്ക്

ലാന്റ് അക്വിസിഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി. കെ. കെ. ലതിക | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് പൊതു ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന് ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ; | (എ) | 01-01-2014 മുതൽ കേന്ദ്ര സർക്കാർ പാസ്സാക്കിയ **Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013** നിലവിൽ വന്നു. ടി ആക്ടിലെ ചട്ടങ്ങൾക്ക് രൂപം നൽകി വരികയാണ്. 1894-ലെ ഭൂമി പൊന്നുംവില നിയമപ്രകാരം 01-01-2014-ന് മുൻപ് വിജ്ഞാപനം പ്രസിദ്ധീകരിച്ച പൊന്നുംവില കേസുകളിൽ തുടർ നടപടികൾ കാലഹരണപ്പെടാതിരിക്കുന്നതിന് പ്രഖ്യാപനം, ഭൂമി വില നിശ്ചയിക്കൽ, നടപടികൾ സ്വീകരിച്ചുവരുന്നു. നഷ്ടപരിഹാരവും പുനരധിവാസ പാക്കേജും പുതിയ ആക്ട് പ്രകാരം നിശ്ചയിച്ച് തുടർ നടപടി സ്വീകരിക്കുവാൻ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ അതിൻപ്രകാരമുള്ള നടപടികളും തുടർന്ന് വരുന്നു. |
| (ബി) | ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് കുറ്റ്യാടി മണ്ഡലത്തിലെ ഏതൊക്കെ പദ്ധതികളുടെ ഫയലുകളാണ് റവന്യൂ വകുപ്പിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ലഭിച്ചതെന്നും അവയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ? | (ബി) | (1) കുറ്റ്യാടി മണ്ഡലത്തിലെ വേളം കോക്കനട്ട് വ്യവസായ പാർക്കിനുവേണ്ടി 46.5944 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് അർത്ഥനാധികരിയായ കെ.എസ്.ഐ.ഡി.സിക്ക് 15-02-2012-ന് കൈമാറിയിട്ടുണ്ട്.<br><br>(2) കുറ്റ്യാടി ബൈപ്പാസ് നിർമ്മാണത്തിനായി കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിൽ കുറ്റ്യാടി, കായക്കൊടി വില്ലേജുകളിലുള്ള 3.2997 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ശുപാർശ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ നിന്നുള്ള ഇളവുകൾ നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.